**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7390 14/07/2014-ൽ മറുപടിയ്ക്ക്

# ഗ്രീൻഹൗസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>,, ബാബു എം. പാലിശ്ശേരി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. സി.കെ. സദാശിവൻ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഗ്രീൻഹൗസ് പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മൂന്ന് ഗ്രീൻഹൗസ് വീതം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല.<br>കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ മതിയായ അപേക്ഷകൾ ലഭ്യമായിരുന്നില്ല. അപേക്ഷിച്ച കർഷകർക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുവാൻ കഴിയാത്തതിനാലും പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും മൂന്ന് ഗ്രീൻഹൗസ് വീതം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) ഗ്രീൻഹൗസ് പദ്ധതി പ്രഖ്യാപിച്ചിരുന്നത് ഏത് വർഷത്തിലായിരുന്നു; ഏറ്റവും ഒടുവിൽ പ്രസ്തുത പദ്ധതി പ്രവർത്തനം അവലോകനം നടത്തിയത് എപ്പോഴാണ്; ലക്ഷ്യവും നേട്ടവും വിശദമാക്കുമോ; | ബി) 2012-13 സാമ്പത്തിക വർഷം മുതലാണ് ഹൈടെക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. 12-06-2014-ൽ ആണ് പ്രസ്തുത പദ്ധതിയെക്കുറിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത്. സംസ്ഥാനത്തെ ഒരു പഞ്ചായത്തിൽ മൂന്ന് വീതം 978 പഞ്ചായത്തുകളിൽ 2934 പോളീഹൗസുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരുന്ന പ്രസ്തുത പദ്ധതിയിൽ നാളിതുവരെ 407 പോളീഹൗസുകൾ മാത്രമാണ് നിർമ്മാണം പൂർത്തിയായത്. |
| സി) പദ്ധതിക്കുവേണ്ടി ഇതിനകം ചെലവഴിക്കപ്പെട്ടതുകയും ബജറ്റുകളിൽ വകയിരുത്തപ്പെട്ട തുകകളും സംബന്ധിച്ച് വിശദമാക്കാമോ; | സി) ഹൈടെക് ഫാമിംഗ് പദ്ധതിയിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനും മാതൃകാ പ്രദർശന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിൽ 507 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ പോളീഹൗസുകൾ |

സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ തുകയിൽ നാളിതുവരെ 405.729 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തെ തുകയിൽ 82.897 ലക്ഷം രൂപയും ചെലവഴി ച്ചിട്ടുണ്ട്.

ഇതിന് പുറമേ 2012-13 വർഷത്തെ പച്ചക്കറി വികസന പദ്ധതിയിൽ 50 ശതമാനം ധനസഹായ നിരക്കിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനായി 250 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 138.9912 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരിപ്പുള്ള തുക ഉപയോഗിച്ച് പോളീഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുക വഴി പച്ചക്കറി ഉത്പാദനത്തിൽ പ്രഖ്യാപിച്ച സ്വയംപര്യാപ്തത കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ;

ഡി) ഹൈടെക് കൃഷി പദ്ധതിയിലൂടെ പ്രധാനമായും സലാഡ് വെള്ളരി, വള്ളിപ്പയർ, തക്കാളി, ക്യാപ്സിക്കം തുടങ്ങിയ പച്ചക്കറികളാണ് നിലവിൽ പോളീഹൗസുകളിൽ കൃഷി ചെയ്തു വരുന്നത്. ഒരു വിളയിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക വരുമാനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്ര മീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉത്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. സംസ്ഥാനത്തിന് ആവശ്യമായ എല്ലാ പച്ചക്കറി വിളകളും പോളീഹൗസിൽ കൃഷി ചെയ്യുവാൻ സാധിക്കില്ല. ആയതിനാൽ പൂർണ്ണമായും സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് പച്ചക്കറിക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതില്ലെന്ന നില വന്നിട്ടുണ്ടോ ?

ഇ) ഇല്ല.

സെക്ഷൻ ഓഫീസർ